**അവകാശലംഘന പ്രശ്നങ്ങൾ**

(1) പരിഗണനയിലിരിക്കുന്നവ

മി. സ്പീക്കർ: 2017-18 അദ്ധ്യയന വർഷം സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്നു മുതൽ പ്ലസ് ടു വരെ പഠിക്കുന്ന കുട്ടികളിൽ ജാതി, മതം എന്നിവയ്ക്കുള്ള കോളങ്ങൾ പൂരിപ്പിക്കാതെ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം സംബന്ധിച്ച് 2018 മാർച്ച് 26-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 5266-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ, നിയമസഭാ ചോദ്യത്തിന് ഉത്തരം നൽകുമ്പോൾ കാണിക്കേണ്ട ജാഗ്രത ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നും മനഃപൂർവ്വവും ദുരുദ്ദേശപരവുമായി സഭയെ തെറ്റിദ്ധരിപ്പിക്കുവാനും വാർത്താ പ്രാധാന്യം കിട്ടുവാനും വേണ്ടി തെറ്റായ ഒരു വിവരം സഭയ്ക്ക് നൽകുക വഴി സഭയുടെ പ്രത്യേക അവകാശങ്ങൾ ലംഘിച്ചുവെന്നും ആരോപിച്ചുകൊണ്ട് ശ്രീ. കെ. സി. ജോസഫ് എം.എൽ.എ. നൽകിയ നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

(2) അനുമതി നിഷേധിച്ചവ

1. 27.11.2017-ലെ സ.ഉ.(എം.എസ്.) 354/2017/പൊ.ഭ.വ. മുഖേന സർക്കാർ അതിഥി മന്ദിരത്തിൽ സ്യൂട്ട് റൂം അനുവദിക്കുന്നവരുടെ പട്ടികയിൽ നിന്ന് നിയമസഭാ സാമാജികരെയും എം.പി.-മാരെയും ഒഴിവാക്കിയത് സഭയുടെയും

അംഗങ്ങളുടെയും അവകാശത്തിന്റെ ലംഘനമാണെന്ന് ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് ചട്ടം 155 പ്രകാരം സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ വിശദീകരണം തേടിയിരുന്നു. പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇതുസംബന്ധിച്ച് നൽകിയ വിശദീകരണത്തിൽ സർക്കാർ അതിഥി മന്ദിരങ്ങളിൽ മുറികൾ ബുക്ക് ചെയ്യുന്നത് സംബന്ധിച്ച് കാലാകാലങ്ങളായി അനുവർത്തിച്ചുവരുന്ന മാർഗ്ഗനിർദ്ദേശങ്ങളാണ് പ്രസ്തുത സർക്കാർ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും മുൻ കാലങ്ങളിൽ പല ഘട്ടങ്ങളിലായി സർക്കാർ അതിഥി മന്ദിരങ്ങളിൽ മുറികൾ അനുവദിക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകൾ ഏകീകരിക്കുകയാണ് പ്രസ്തുത ഉത്തരവിൽ ചെയ്തിട്ടുള്ളതെന്നും സർക്കാരിന്റെ ആചാരപരമായ പരിപാടികൾക്കായി മാത്രം നിശ്ചയിച്ചിട്ടുള്ള പ്രോട്ടോക്കോൾ സ്ഥാനക്രമം മുറികൾ അനുവദിക്കുന്നതിന് മാനദണ്ഡമായി സ്വീകരിച്ചിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു.

പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫിന്

അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

2. കൊച്ചി മെട്രോയുടെ ഉദ്ഘാടനത്തിന്റെ പ്രാരംഭമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2017 ജൂൺ 3-ാം തീയതി നടത്തിയ മെട്രോ റെയിൽ യാത്രയിൽ മെട്രോ റെയിൽ പാത കടന്നുപോകുന്ന സ്ഥലങ്ങളിലെ നിയമസഭാ സാമാജികരെ പങ്കെടുപ്പിച്ചില്ലായെന്നാരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. ഹൈബി ഈഡൻ ചട്ടം 155 പ്രകാരം ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. പ്രസ്തുത വിശദീകരണത്തിൽ കൊച്ചി മെട്രോയുടെ ഉദ്ഘാടനത്തിന് മുന്നോടിയായി നടത്തിയ യാത്ര തികച്ചും അനൗപചാരിക യാത്രയായിരുന്നുവെന്നും അതിനാൽ 2012 ജൂൺ 11-ാം തീയതി സർക്കാർ ഉത്തരവിന്റെ ലംഘനം ഉണ്ടായിട്ടില്ലെന്നും എം.എൽ.എ.-മാരെ മനഃപൂർവ്വവും ദുരുദ്ദേശപരവുമായി ഒഴിവാക്കുന്നതിനോ എം.എൽ.എ.-മാർക്ക് പദ്ധതി നടപ്പിലാക്കിയതിൽ യാതൊരു പങ്കുമില്ലെന്ന് വരുത്തിത്തീർക്കുവാനോ പൊതുജനമദ്ധ്യത്തിൽ അവരെ അവഹേളിക്കുവാനോ യശസ്സിന് ഭംഗം വരുത്തുവാനോ ഉള്ള ഗൂഢലക്ഷ്യം ഉണ്ടായിട്ടില്ലായിരുന്നുവെന്നും പറഞ്ഞിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. ഹൈബി ഈഡന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

3. 03.06.2017-ന് കൊച്ചി മെട്രോയുടെ സോളാർ പദ്ധതിയുടെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുവാൻ തീരുമാനിച്ചിരുന്ന ചടങ്ങിലേയ്ക്ക് തന്നെ ക്ഷണിക്കാതിരുന്നത് സംബന്ധിച്ച് കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശ്രീ. ഏലിയാസ് ജോർജിനെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്ത് ചട്ടം 155 പ്രകാരം ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് നൽകിയ വിശദീകരണത്തിൽ കൊച്ചി മെട്രോയുടെ ഏതെങ്കിലും ചടങ്ങ് എം.എൽ.എ.-യെ പങ്കെടുപ്പിക്കാതെ നടത്തിയതായി നോട്ടീസിൽ കാണുന്നില്ലെന്നും ചടങ്ങ് നടക്കാത്ത സ്ഥിതിക്ക് 2012 ജൂൺ 11-ാം തീയതിയിലെ സർക്കാർ ഉത്തരവിന്റെ ലംഘനമോ, സഭയുടെയോ അംഗത്തിന്റെയോ അവകാശലംഘനമോ ഉണ്ടായിട്ടില്ലെന്നും ആയതിനാൽ കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ

മാനേജിംഗ് ഡയറക്ടർക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കേണ്ട സാഹചര്യം നിലവിലില്ലായെന്നും പറഞ്ഞിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്തിന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

4. എറണാകുളം മഹാരാജാസ് കോളേജ് ഹോസ്റ്റൽ മുറിയിൽ നിന്നും മാരകായുധങ്ങൾ കണ്ടെത്തിയതുസംബന്ധിച്ച് 05.05.2017-ൽ ശ്രീ. പി. ടി. തോമസ് എം.എൽ.എ. അടിയന്തരപ്രമേയത്തിന് അവതരണാനുമതി ആവശ്യപ്പെട്ട് നൽകിയ നോട്ടീസിന്മേലുള്ള ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയത് വസ്തുതാവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമായ പ്രസ്താവനയാണെന്നാരോപിച്ച് സർവ്വശ്രീ ഹൈബി ഈഡൻ, പി.ടി. തോമസ്, കെ. എം. ഷാജി എന്നീ അംഗങ്ങൾ ചട്ടം 155 പ്രകാരം അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് ഓരോ നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വിശദീകരണം തേടുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് നൽകിയ വിശദീകരണത്തിൽ വിദ്യാർത്ഥികളുടെ ഹോസ്റ്റലിൽ നിന്നല്ല മറിച്ച് ഹോസ്റ്റൽ

വിദ്യാർത്ഥികൾക്ക് താമസിക്കാൻ കോളേജ് അധികൃതർ താൽക്കാലികമായി ഒരു ദിവസത്തേയ്ക്ക് അനുവദിച്ചുകൊടുത്തതും 30.04.2017-ന് വിദ്യാർത്ഥികൾ ഒഴിഞ്ഞുപോയതുമായ മുറിയിൽ നിന്നാണ് നിർമ്മാണപ്രവർത്തനത്തിനുപയോഗിക്കുന്ന വാർക്കക്കമ്പി ഉൾപ്പെടെയുള്ള സാധനങ്ങൾ 03.05.2017-ന് പോലീസ് കണ്ടെടുത്തതെന്ന് സഭയിൽ വ്യക്തമാക്കിയിരുന്നുവെന്നും 05.05.2017-ൽ അടിയന്തര പ്രമേയത്തിന് ശ്രീ. പി. ടി. തോമസ് നൽകിയ നോട്ടീസിൽ പരാമർശിക്കുന്നതുപോലെ വടിവാളോ ബോംബോ കണ്ടെത്തിയതായി റിപ്പോർട്ടിലില്ലായെന്നും വാസ്തവവിരുദ്ധമായ കാര്യങ്ങൾ നൽകി ഗുരുതരമായ പ്രശ്നത്തെ ലഘൂകരിക്കാനുള്ള ശ്രമം അദ്ദേഹം നടത്തിയിട്ടില്ലായെന്നും ഏതെങ്കിലും പ്രധാനപ്പെട്ട കാര്യം മറച്ചുവയ്ക്കുകയോ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതിന് ശ്രമിക്കുകയോ ചെയ്തിട്ടില്ലായെന്നും സെർച്ച് ലിസ്റ്റിലെ പ്രസക്തമായ കാര്യങ്ങളും സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള കാര്യവും സഭയിൽ വ്യക്തമാക്കിയിരുന്നുവെന്നും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ഒരു പ്രസ്താവനയും അദ്ദേഹം നടത്തിയിട്ടില്ല എന്നും പറഞ്ഞിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാന ത്തിൽ സർവ്വശ്രീ ഹൈബി ഈഡൻ, പി. ടി. തോമസ്, കെ. എം. ഷാജി എന്നീ

ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.